MR. P. S. MUHAMED : യഥാസ്ഥിതികത്വത്തിൽനിന്നും ഉൽപതിഷ്ണുത്വത്തിലേക്കു ലോകം പ്രയാണം ചെയ്യുന്ന ഈ കാലത്തു ഇസ്ലാമിൽ പുരോഗമനപരമായ ഇൽപതിഷ്ണുത്വത്തിനു സ്ഥാനമുണ്ടു്. മതസംബന്ധമായ അടിസ്ഥാനകാര്യങ്ങളിൽ യാതൊരു വ്യത്യാസവും വരുത്താത്ത രീതിയിലുള്ള ഒരു സമുദായപരിഷ്കാരം ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഇസ്‌ലാംമതം അനുവദിക്കുന്നുണ്ടു്. മതത്തിന്റെ പരിധിയിൽ നിന്നുകൊണ്ടു് ആചാരപരമായ പരിഷ്കാരങ്ങൾ ചെയ്തു സമുദായത്തെ അഭിവൃദ്ധിപ്പെടുത്താൻ ശ്രമിക്കുന്നതു നല്ലതാണു്. അല്ലെങ്കിൽ പല വിഷമങ്ങളും ഉണ്ടാകും.

MR. P. KUNJUKRISHNAN : ഇങ്ങനെയുള്ള പരിഷ്കാരം ടർക്കിയിൽ നടപ്പിലായതുകൊണ്ടു് അവിടെ വല്ല വിഷമവുമുണ്ടോ?

MR. P. S. MUHAMED : : ടർക്കിയിലെ പരിഷ്കാരത്തിന്റെ എല്ലാ വശങ്ങളും, റഷ്യയിലെ ബോൾഷേവിസത്തിന്റെ അടിസ്ഥാനങ്ങളും പൂർണ്ണമായി എനിക്കു അറിഞ്ഞുകൂടാ.

MR. PULIYOOR T.P. VELAYUDHAN PALLAI : മലബാറിലെ മുസ്‌ലിങ്ങളും ഇവിടത്തെ മുസ്‌ലിങ്ങളും ഒരേ നിലയിൽ കഴിഞ്ഞുകൂട്ടുന്നവരല്ലേ?

MR. P. S. MUHAMED : തന്നെ.

MR. PULIYOOR T. P. VELAYUDHAN PILLAI : മലബാറിൽ ഈ ബിൽ പാസ്സായിട്ടുണ്ടെന്നു മെമ്പറിനറിയാമോ?

MR. P. S. MUHAMED : ബ്രിട്ടീഷിൻഡ്യയിൽ അതു പാസ്സായിട്ടില്ലെന്നാണ് എന്റെ അറിവ്.

MR. M. R. NARAYANA PILLAI : തിരുവിതാംകൂറിലുള്ള മുസ്‌ലീം സമുദായങ്ങളുടെ വിവാഹരീതി ഒരേ മാതിരിയാണോ?

MR. P. S. MUHAMED : തിരുവിതാംകൂറിലുള്ള എല്ലാ സമുദായങ്ങളുടെയും വിവാഹം സംബന്ധിച്ചുള്ള മതശാസനം ഞാൻ മുൻപു പ്രസ്താവിച്ചിട്ടുണ്ട്. അതുകൊണ്ട് എനിക്കു അവസാനമായിട്ടു അഭ്യർത്ഥിക്കാനുള്ളത് ഈ ചട്ടങ്ങൾ അതുടെയെല്ലാം അഭിപ്രായത്തിനു നല്ലതാണെന്നു തോന്നിയാലും മുസ്‌ലിങ്ങൾക്കു നല്ലതായിട്ടു തോന്നിയിട്ടില്ല. നേരേമറിച്ച് അവക്കു അതു ചീത്തയാണ്. അതുകൊണ്ട് അവരെ അതിൽ നിന്നും ഒഴിവാക്കണം. ഇന്നത്തെ പരിതസ്ഥിതിയിൽ മതത്തിനു വിപരീതമായ ഒരു പ്രവർത്തിചെയ്യാൻ സാദ്ധ്യമല്ലാ. ഇങ്ങനെ പല കുഴപ്പങ്ങളുമുണ്ടാകത്തക്ക നിലയിലുള്ള ഒരു ബിൽ നടപടിക്കാരായ ഞങ്ങളുടെ മേൽ കൊണ്ടുവരരുതെന്നാണ് എന്റെ അഭ്യർത്ഥന. ബഹുമാനപ്പെട്ട അദ്ധ്യക്ഷനവർകൾ ജായിന്റു സെഷനിൽ ചെയ്ത ഒരു പ്രസംഗത്തിൽ തിരുവിതാംകൂറിന്റെ ഒരു ഭാഗത്തും പാകിസ്ഥാന്റെ ഒരു ശബ്ദംപോലുമില്ലെന്നു പറഞ്ഞു. തിരുവിതാംകൂർ മഹാരാജാക്കന്മാർ രാജ്യം ഭരിക്കാൻ തുടങ്ങിയ കാലംമുതൽ ഇതുവരെയും ഞങ്ങൾക്കുള്ള എന്തെങ്കിലും പ്രത്യേകാവകാശത്തെ പരിത്യജിക്കുവാൻ അധികൃതസ്ഥാനങ്ങളിൽനിന്നും ആവശ്യപ്പെട്ടിട്ടില്ല. ഇനിയും അതുതന്നെയാണ് ഞങ്ങൾക്കു അഭിപ്രായം. അതുകൊണ്ട് ഈ സഭയിലെ മെമ്പറന്മാരുടെ സഹകരണത്തോടുകൂടി ഞങ്ങളുടെ മതത്തിന്റെയും, സംസ്കാരത്തിന്റെയും നിലനിൽപ്പിനു ഒരു രക്ഷയുമില്ലെന്നുള്ള നില വരുത്തിവയ്ക്കരുതെന്നപേക്ഷിക്കുന്നു. അതിനു വിപരീതമായ ഒരു അഭിപ്രായമാണ് ഈ സഭയുടെ ഭൂരിപക്ഷത്തിനുള്ളതെന്നു കണ്ടാൽ അവസാനമായി എനിക്കു അഭ്യർത്ഥിക്കാനുള്ളത് ഈ രാജ്യത്തുള്ള ന്യൂനപക്ഷത്താൽപ്പെട്ടുങ്ങളെ എപ്പോഴും പുലത്തികൊണ്ടുപോരുന്നതിൽ ബദ്ധശ്രദ്ധമായിരിക്കുന്ന ഗവർമ്മെന്റു ഞങ്ങളുടെ മതപരമായ ഏറ്റവും വിശിഷ്ടമായ സംസ്കാരത്തിൽ കൈകടത്തുന്നതിനുള്ള ഈ ശ്രമത്തിൽ ഞങ്ങളെ സംരക്ഷിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

MR. K. P. KOCHUKORA THARAKAN: I support the motion.

MR. KAINIKKARA M. PADMANABHA PILLAI: Sir, I oppose the amendment. Mr. P. S. Muhamed spent a lot of his time in trying to convince this House that the marriage is a religious function among the Muslims.

PRESIDENT: Did he do that?

MR. KAINIKKARA M. PADMANABHA PILLAI: Yes Sir. But he did not succeed in that. He quoted authorities from the Koran to show that marriage has religious importance so far as the Muslims are concerned. If I remember correct the debate on the floor of this House on the previous occasion, the argument raised then was not that there is no religious importance attached to marriage but that it is not a religious sacrament among the Muslims. So long as religion is inseparably related to morality and so long as conventional social morality finds an important place in all religions, it is sure that marriage will find an important place in all religions. But it is one thing to say that marriage finds an important place in the Koran and an entirely different thing to say that marriage is a sacrament. What has been pointed out is that among the Muslims marriage is not a sacrament but only a matter of contract. For that two of the highest authorities in Mohamedan Law were quoted by Mr. K. R. Narayanan. Therefore no one ever tried to belittle the importance given to marriages in the Muslim Religion. All that was said was that the Muslim Religion does not recognise marriage as a sacrament. That position Sir, we still hold. I need not here enter into the relative importance given by Akbar to religion and politics or into the private life of Mr. Jinnah or his daughter. Mr. Muhamed told us that till now in Travancore there has been no marriage between a Muslim and a non-Muslim. I concede that. But why? There has been no marriage because there has been no Law to recognise such a marriage. Until this law comes into force no such marriage can take place. I do not know why any one should wonder at the fact that there has been no marriage when there has been no law enabling such a marriage.

MR. P. S. MUHAMED: സിവിൽ മാരിയേജ് ലാപ്രകാരമല്ലെങ്കിലും, ഇപ്പോൾ നിലവിലിരിക്കുന്ന മറ്റു ലാ പ്രകാരം പല സമുദായക്കാരും തമ്മിൽ വിവാഹം നടക്കുന്നതായി മെമ്പർക്കറിയാമോ?

MR. KAINIKKARA M. PADMANABHA PILLAI: No such marriage is recognised by law here.

It is not a marriage at all. There has been no marriage and there could have been no marriage. What Mr. Muhamed calls a marriage is not a marriage.

Now, what I want to make clear to Mr. Muhamed and those who think in that way is this. This law excludes from its ambit every marriage that will be valid according to the Mohamedan Law. If a

Muslim marries another Muslim according to the Mohamaden Law that marriage will not come under the operation of this Act. Therefore Sir, it is not right to say that this Act tries to interfere with the operation of the Mohamedan Law. Secondly, even if a Muslim gentleman goes out of the operation of the Muslim Law and takes a non-Muslim lady and continues to live with her in a state of concubinage, that too will not be brought under the operation of this law. Neither any marriage under the Muslim Law nor an immoral conjugal life against the Muslim Law will be brought under this Act. But if a Muslim gentleman takes a non-Muslim lady and enters into a decent marital relationship and wants to continue that relationship, then this Bill will enable them to do so. I do not know Sir, the reason for any objection to that. If a person voluntarily goes out of the operation of the Muslim Law and wants to have a woman from another community as wife, what objection can reasonably be raised against asking him to marry her? Sir, here it is exactly that the State has to interfere. So long as I place my hand on a thing which is legally mine the State leaves me free. But if I stretch my hand and place it on an object which is not legally mine the State has to interfere and the State interferes. So long as a Muslim places his hand upon a girl whom he can marry legally according to the Muslim Law the State leaves him free. But when he stretches his hand and places it on a girl whom he cannot marry legally, it is the duty and responsibility of the State to interfere there.

Mr. Muhamed said that if the girl is so foolish as to forget her tradition and selfrespect; she only deserves to suffer the consequences. This might appeal to vanity. But it is poor humanity. A girl can be seduced under hundred circumstances. She can be made to forget all history and tradition under very many circumstances. Then to turn round and say that because the poor ignorant girl forgot her tradition and religion she must suffer, is scant humanity. And the very same person, the man is left scot free of the consequences.

I asked Mr. P. S. Muhamed whether the Muslim religion would condemn more strongly a marriage between a Muslim and a non Muslim or a concubinage between a Muslim and a non-Muslim. Mr. P. S. Muhamed told me, and I was astounded to hear that, that it would condemn the marriage more strongly.

MR. P. S. MUHAMED: അല്ല് മഹമ്മദീയ ലാപ്രകാരമുള്ള ശരിയായ വിവാഹമായിരിക്കയില്ലെന്നാണ ഞാൻ പറഞ്ഞത്.

MR. KAINIKKARA M. PADMANABHA PILLAI: Yes, Sir. What he said was only a periphrasis for marriage.

MR. P. S. MUHAMED: ഇസ്ലാംമതം അനുവദിക്കാത്ത വിവാഹം മതപ്രകാരം വ്യഭിചാരം തന്നെയാണെന്ന മെമ്പറിനറിയാമൊ?

MR. KAINIKKARA M. PADMANABHA PILLAI: അറിയാം.

According to Mr. P. S. Muhamed, a person who enters into concubinage will be more tolerably viewed than a person who has the audacity to enter into marital relationship with a non-Muslim woman.

[Mr. Kainikkara M. Padmanabha Pillai.]

Sir, I cannot speak with authority about what the Quoran says; but, if my memory of Quoran is correct and—I admit it is a very undependable memory—I am sure that the Prophet has condemned prostitution in the Quoran in even much more fiery words than were quoted here by Mr. P. S. Muhamed. Mr. P. S. Muhamed quoted here a passage to show that if a person married a non-Kithabi he will have to go into fire. But I can confidently say that if a person lives with a woman in conjugal relationship without a marriage, according to Quoran he will have to go into greater fires. The Prophet has commanded his followers to fulfil contracts, and so long as marriage is a contract, the Quoran cannot ignore the sacredness and sanctity of the marriage. But if one says that any religion would approve of concubinage in preference to marriage, Sir, I am unable to accept that position.

Thus in the present Bill there is no attempt to interfere with the religious law but just to enable a person to enter into an honourable and respectable marriage with a woman whom he loves, if both the parties agree, so that the poor children may be saved from bastardy. It is a clause to which no reasonable exception can be taken.

Last time, Sir, I said that if at least the Muslim members were unanimous, I would support my honourable friend Mr. P. S. Muhamed. But I must point out that even though the President in the exercise of his special powers permitted the honourable member to move the motion during the third reading, the Muslim members of the Assembly are conspicuous by their absence. That is clear proof that the Muslim members are not at one with the honourable member. That gives me moral courage to vote with confidence against the motion of the honourable member. Therefore, Sir, considering all these facts, considering especially the very little interest shown by the members of his own religion, I would appeal to the honourable member not to press his motion for the acceptance of this House.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, an identical motion was moved by the honourable member last time and then it was lost. After the clarification of the legal implications underlying this motion by the Chair and by the Legal Remembrancer, I do not at all wish to dilate very much on the point that this Bill is only a permissive measure and that there is absolutely no compulsion in it. The provisions of the Bill do not at all compel any body to marry under the provisions contained therein. On the other hand it is only a permissive piece of legislation intended to legitimatise the marriages which are invalid under the present law and custom. Sir, when I asked the honourable member Mr. P. S. Muhamed whether he is aware that the Civil Marriage Act is in force in Malabar, he said that he was not aware of that. Sir, very great organisations like the Harijan Sevak Sangham, Delhi, are anxiously waiting to see that this Bill is passed into law in Travancore. I may be permitted to read an extract from the report of the Harijan Sevak Sangham for the year 1940. At page 31 it says:—

> "There is no civil marriage Act in Travancore although the Act is in force both in Cochin and in Malabar. A Bill on the same line has been introduced in the Travancore Legislative Assembly by a non-official member."

It is very significant that there was not a single honourable Muslim member in this House to second Mr. P. S. Muhamed, and had it not been for the generosity of Mr. Kochukora Tharakan the amendment would have been lost for want of seconding. What does this attitude on the part of the other Muslim members show. It is a sure index of the fact tha Mr. P. S. Muhamed's amendment is lacking in the support of the Muslim Community behind it.

MR. P. S. MUHAMED: ഇതിൽ മഹമ്മദീയരെ ഒഴിവാക്കിയിട്ടില്ലാ എന്നു പറയുന്നതെന്താ?

MR. PULIYOOR T. P. VELAYUDHAN PILLAI: മഹമ്മദീയരെ ഒഴിവാക്കിയിട്ടില്ല.

We are aware of the fact that if there is any one community in this State to whom the application of such a measure has become an absolute necessity, it is the Mohammedan community, because Sir, I am rather constrained to make this observation as a result of my experience. There are several instances in which ladies belonging to respectable families from other communities have been attracted by members belonging to the Muslim community and such ladies and the children born out of such concubinage have become after some time absolutely helpless and their position has become very miserable.

MR. E. SUBRAMANIA AIYAR: Does the imposition of this law stand in the way of concubinage?

MR. PULIYOOR T. P. VELAYUDHAN PILLAI: No Sir, the whole difficulty may be obviated by enabling those people to contract a valid marriage under this Bill. Now, the system of concubinage is going on due to the absence of statutory provision for a valid marriage in those cases. By enacting this measure, such difficulties will be obviated. Another point I wish to urge, in this connection, is that the acceptance of the amendment, will certainly nullify the effect of the Bill. If we are going to exclude community after community from the operation of the enactment, what is the use of such a legislation. If the House is of opinion that the provisions of the Bill are sound and necessary for the wellbeing of the people, no community in the State has got any right for being exempted therefrom. There is no justification for the acceptance of the amendment which is likely to create an unholy precedent by giving right to a member to move at the time of the third reading an amendment which was lost by an overwhelming majority at the second reading. Hence I oppose the amendment.

MR. M. SIVATHANU PILLAI: Sir, I want to make a few observations. Sir, I am inclined to take it that the crux of the objection raised by the honourable member Mr. P. S. Muhamed has not been understood clearly by the honourable members who opposed him. As I closely listened to his speech it rather appeared to me that the most important point in his speech was this. The Muslims have got a particular method of inheritance to property as enjoined by the Holy Quoran and if the marriage of a Muslim with a non-Muslim is legalised by the Civil Marriage Bill, such a method of distribution of property as

[Mr. M. Sivathanu Pillai.]

enjoined by the Holy Quoran will be affected because the children born of the marital connection of a Muslim with a non-Muslim will have a claim to the property of the father. That is the point of the honourable member, if I have understood him correctly. The honourable House has therefore got to take into consideration how far the honourable member Mr. P. S. Muhamed can lay claim to the sanctity in respect of inheritance of the property of a Muslim as having been enjoined by the Holy Quoran. In other words, if the House is of opinion that the Holy Quoran should be divested of its injunctions regarding the inheritance to property and that inheritance is not covered by the tenets of Islam, the honourable member Mr. P. S. Muhamed's argument will not stand for a moment. As I understand, if the injunctions of the Holy Quoran have to be strictly obeyed in regard to devolution of property, are not those injunctions affected if the present Bill is passed?

PRESIDENT: It is not quite so easy, as the honourable member puts it. Section 3 says:—

> "Subject to the following conditions, marriage may be celebrated under this Act between persons, marriage between whom is not sanctioned or recognised as valid under any law or custom by which such persons are governed."

If antecedently to that marriage these persons could not contract marital relationship, does this Act give proper aid? That is the matter that has to be considered.

MR. M. SIVATHANU PILLAI: Sir, if what I have stated represents the position put forward by the honourable member Mr. P. S. Muhamed and if the devolution of property on inheritance is to be strictly according to the injunctions in the Holy Quoran, I think we will not be justified in opposing the motion. If it is not so, then I believe that Mr. P. S. Muhamed will be with us in passing this Bill as it stands.

Secondly, Sir, I have a suggestion for Mr. P. S. Muhamed to consider. What does this Bill denote. Suppose a Muslim is living with a non-Muslim woman in a state of concubinage. If this Bill is passed, it is open to the Muslim gentleman to continue the state of concubinage unless it is a case of his being enticed into making it a marriage. So long as the Muslim refuses himself to be enticed into a marriage, he need not come under the provisions of this Bill. But if he is so foolish to be enticed by the woman into a marriage, then let him take the risk. But Mr. P. S. Muhamed may turn round and say what about the devolution of property on the death of this Muslim to the children born to him and his Muslim wife? Will their share as enjoined by the Holy Quoran not be reduced if the children by the non-Muslim wife also were to be given a share. Therefore it is for this House to seriously consider whether it is competent for this House to entrench upon the injunctions in the Holy Quoran. That is my point.

MR. A. K. KUMARAN VAIDYAN: സർ, ഒരു രാജ്യത്തു ഏതെങ്കിലും ഒരു നിയമം ഉണ്ടാക്കുന്ന അവസരത്തിൽ ആ നിയമത്തിൽനിന്നും ഏതാനും ചിലരെ ഒഴിച്ചു നിറുത്തണമെന്നു പറയുന്നതു് അതു ഭംഗിയായ ഒരു കാര്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. തിരുവിതാംകൂറിൽ ഇങ്ങനെ ഓരോ ബില്ലുകൾ വരുമ്പോൾ ഓരോ സമുദായത്തെയും ഒഴിച്ചു

നിരുത്സാഹപ്പെടുത്തുവാൻ* തുടങ്ങിയാൽ എല്ലാ സമുദായങ്ങളും മാറി ഒടുവിൽ ബില്ലു കൾ കടലാസ്സിൽ മാത്രമായി ശേഷിക്കുന്നതാണ്. അതുകൊണ്ടു ഈ ബില്ലിൽനിന്നും ഒന്നൊരുത്തരെയും ഒഴിവാക്കരുതെന്നാണ് എന്റെ വിനീതമായ അഭിപ്രായം. കൊച്ചിയിൽ ഈ ബിൽ പാസ്സായപ്പോഴും യാതൊരു എതിർപ്പും ഉണ്ടായില്ല. എന്നുമാത്രമല്ല ഈ ബിൽ സെക്കൻറ് റീഡിംഗ് കഴിഞ്ഞതിനുശേഷം എന്റെ സ്നേഹിതൻ മി: പി. എസ്സ്. മഹമ്മദ് പത്രങ്ങളിൽ പ്രതിഷേധയോഗങ്ങൾ കൂടണമെന്നു എഴുതിയതിനുശേഷമാണ് പ്രസ്തുത സമുദായത്തിൽ ഇപ്രകാരമൊരു അഭിപ്രായമുണ്ടായിട്ടുള്ളതു്.

MR. P. S. MUHAMED : പ്രതിഷേധയോഗങ്ങൾ കൂടണമെന്നു ഞാൻ അഭിപ്രായപ്പെട്ടിട്ടുള്ളതായി മെമ്പർക്കറിയാമോ?

MR. A. K. KUMARAN VAIDYAN : ഇതിനെ പ്രതിഷേധിച്ചു അഭിപ്രായം രൂപീകരിക്കണമെന്നു കേരളകൗമുദിയിൽ എഴുതിയതു് ഞാൻ വായിച്ചതായി ഓർക്കുന്നു.

MR. P. S. MUHAMED : ആ പത്രത്തിൽ ഈ ബില്ലിനെ പ്രതിഷേധിക്കണമെന്നു എഴുതിയിരുന്നതായി മെമ്പർ വായിച്ചിട്ടുണ്ടോ?

MR. A. K. KUMARAN VAIDYAN : ഈ ബില്ലിൽനിന്നും മഹമ്മദീയരെ ഒഴിവാക്കണമെന്നു പറയുമ്പോൾ അതിനെ പ്രതിഷേധിക്കുകയല്ലാതെ മറെന്താണു ചെയ്യുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല.

PRESIDENT : The House will now adjourn andmeet again at 2 P.M.

(The Assembly adjourned for lunch at 1 P. M. and reassembled at 2 P. M.)

MR. A K. KUMARAN VAIDYAN : ഹിന്ദുമതശാസ്ത്രമനുസരിച്ചു ഒരു അന്യജാതി സ്ത്രീയെ ഒരു ഹിന്ദുവിനു വിവാഹം ചെയ്യാമെന്നു വിധിച്ചിട്ടില്ല. ഓരോ സമുദായക്കാരും ഇങ്ങനെയുള്ള കാര്യങ്ങൾ വരുമ്പോൾ മതത്തെ മുറുകെ പിടിക്കയും അല്ലാത്തസമയം മതത്തെ വിഗണിക്കയും ചെയ്യുന്നതു് വലിയ സാഹസ്സമെന്നെ എനിക്കു പറയാൻ നിവർത്തിയുള്ളൂ. വടക്കൻ തിരുവിതാംകൂറിൽ അതായതു പറവൂർ താലൂക്കിൽതന്നെ ഒരു മഹമ്മദീയസ്ത്രീയെ ഒരു നായർ യുവാവു് ഈയിടെ കല്യാണം കഴിച്ചതായി എനിക്കു പരസ്യമായി അറിയാവുന്നതാണ്. എന്നിട്ടു രണ്ടു സമുദായങ്ങളും തമ്മിൽ യാതൊരു ബഹളവും ഉണ്ടായില്ല. എന്റെ സ്നേഹിതൻ മി: പി. എസ്സ്. മുഹമ്മദിന്റെ അഭിപ്രായത്തിൽ ഞാൻ യോജിക്കാത്ത ഒരു കാരണം, സാധാരണയായി മഹമ്മദീയ സ്ത്രീകളെ അന്യജാതിക്കാർ വിവാഹം ചെയ്യാറില്ല എന്നുള്ളതാണ്. അവരുടെ പർദ്ദാസംപ്രദായത്താലും അവർ സാധാരണയായി പുറത്തിറങ്ങി സഞ്ചരിക്കാത്തതുകൊണ്ടും അവർക്കു അന്യജാതി പുരുഷന്മാരിലും അന്യജാതി പുരുഷ

[Mr. A. K. Kumaran Vaidan.]

ന്മാക്ക് അവരിലും സ്നേഹം തോന്നാൻ സാധിക്കാത്തതുകൊണ്ടാണ് അങ്ങനെ വിവാഹം ചെയ്യാൻ ഇടവരാത്തതെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ക്ലാരത്തെ പാലക്കാട്ടു ഒരു വലിയ ഉന്നത നിലയിലുള്ള ഒരു മഹമ്മദീയന്റെ ഒരു മകളെ അവിടെയുള്ള ഏറ്റവും ഉയർന്ന രീതിയിലുള്ള ഒരു ഈഴവൻ കല്യാണം കഴിക്കയും അവരുടെ ദാമ്പത്യജീവിതം ഇപ്പോഴും തുടർന്നു കൊണ്ടിരിക്കയും ചെയ്യുന്നു. ആ വിവാഹംതന്നെയും രജിസ്റ്റർ വിവാഹമായിട്ടു നടന്നതായിട്ടാണ് എന്റെ അറിവ്. ആ മാതിരിയുള്ള വിവാഹങ്ങൾ നിലനില്ക്കുമ്പോൾ ഈ നിയമം ഇവിടെ പാസ്സാക്കുവാൻ സാധിക്കുകയില്ലെന്നു പറയുന്നതു എന്തൊരസാംഗത്യമാണു. ഇവിടെ മഹമ്മദീയ മെമ്പറന്മാർ മൂന്നോ നാലോ പേരെയുള്ളൂ. അവർ ഇതിനു വിപരീതമാണെന്നാണ് ഗവർമ്മെന്റു ധരിക്കേണ്ടതു്. ഈ അടുത്തകാലത്തു് അതായതു് അഞ്ചോ ആറോ മാസങ്ങൾക്കു മുൻപു് മിതവാടി എന്നപേരിൽ കോഴിക്കോട്ടുനിന്നും പുറപ്പെടുന്ന ഒരു പത്രത്തിൽ ഇന്നു മദ്രാസ് അസംബ്ളിയിൽ മെമ്പറായിരിക്കുന്ന മിസ്റ്റർ മഹമ്മദ അബ്ദുൽറഹിമാൻ ഒരു ലേഖനം എഴുതിയിരുന്നതു് ഞാൻ വായിച്ചു. തിരുവിതാംകൂറിലെ ഈ ബില്ലിനെ മഹമ്മദീയ സമുദായം സ്വാഗതം ചെയ്യേണ്ടതാണെന്നാണ് അതിൽ പ്രസ്താവിച്ചിരിക്കുന്നതു്. അദ്ദേഹത്തെ നേരിട്ടുകാണുവാൻ ഇടയായപ്പോൾ ഇതിനെ സംബന്ധിച്ചു് അദ്ദേഹം എന്നോടു ചോദിക്കുകയും ഞാൻ അദ്ദേഹത്തോടു് സംസാരിക്കുകയും ചെയ്തിട്ടുണ്ടു്. ഇതുപോലെയുള്ള നിയമങ്ങൾ സാധാരണയുണ്ടാകുമ്പോൾ ഓരോ സമുദായങ്ങളുടെയും അഭിപ്രായം അറിഞ്ഞു പ്രവർത്തിക്കേണ്ടതു ഗവർമ്മെന്റിന്റെ ഒരു കടമയാണെന്നു മി: പി. എസ്സ്. മഹമ്മദ് പറയുന്നതു് ഞാൻ വാദത്തിനുവേണ്ടി സമ്മതിക്കാം. ഇങ്ങനെ ഓരോ മതക്കാരുടെയും പ്രത്യേകം പ്രത്യേകമുള്ള താൽപര്യങ്ങളെ സംരക്ഷിച്ചുകൊണ്ടിരുന്നാൽ ഒരു നിയമവും നടപ്പിൽ വരുത്തുവാൻ സാധിക്കയില്ലെന്നാണു ഞാൻ വിചാരിക്കുന്നതു്. അന്യ ജാതിയിലുള്ള ഒരു സ്ത്രീയെ വിവാഹം ചെയ്തു അതിൽ ഉണ്ടാകുന്ന കുട്ടികൾ നിർഭാഗ്യന്മാരായി തീരത്തക്കവണ്ണം ഈ നിയമം നടപ്പിൽ വരുന്ന പക്ഷം അതു് വളരെ കഷ്ടമാണു്. അതുകൂടാതെ ഇന്നത്തെ പരിഷ്കൃതലോകത്തിൽ വിവാഹം എന്നു പറയുന്നതു് പരസ്പരമുള്ള പ്രേമബന്ധങ്ങൾമൂലം ഉണ്ടാവിക്കുന്ന ഒന്നായിട്ടാണു് ഇന്നു തീർന്നിരിക്കുന്നതു്. പഴയകാലത്താണു് ആചാരങ്ങളും മറ്റും അനുസരിച്ചു് വിവാഹം ചെയ്തുകൊണ്ടിരുന്നതു്. ഇന്നത്തെ ഈ രീതിക്കു സ്നേഹവിശ്വാസത്താൽ ഉണ്ടാകുന്ന വിവാഹബന്ധത്തെ ഒരിക്കലും ഒരു സമുദായത്തിനും എതിർക്കുവാൻ സാധിക്കുകയില്ല.

എന്നാൽ സ്ത്രീ പുരുഷന്മാരുടെ ആയുസ്സുതന്നെയും കഷ്ടസ്ഥിതിയിൽ ആയിത്തീരും. ഇതുകൊണ്ടുതന്നെയാണ് ദുർമരണങ്ങളും ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. അതിനാൽ എന്റെ സ്നേഹിതൻ മി: പി. എസ്സ്. മഹമ്മദ് ഈ ഭേദഗതിയെ പിൻവലിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഭേദഗതിയെ എതിർക്കുന്നു.

MR. E. SUBRAMONIA AIYAR: Sir, speaking for myself, I must submit that I welcome a legislation of this nature. For, to a certain extent, I feel it may pave the way for the ending of communal squabbes andfor the amalgamation of communities. I may even suggest a more drastic legislation. Probably it may run counter to the accepted notions of everybody even myself, namely, that no person shall marry within his own community. If such a legislation is possible for us to pass, there will at least be concord and harmony if not for us at least for the coming generation and a number of interpellations in this House and a number of other matters may admit of easy solution. But the time has not yet come for that.

PRESIDENT: The son-in-law will not be so exorbitant. (*Laughter.*)

MR E. SUBRAMONIA AIYAR: I must submit that the time has not yet come for that. But this legislation is a permissive piece of legislation. It is not compulsory. That aspect of the matter should never be forgotten. No Muslim, no Brahmin, is compelled by this legislation to marry any member of any other community following the same religion or a different religion and therefore I do not see why any particular community following any particular religion should be prohibited from availing itself of the permission granted by the legislation to bring about a marital relationship between a member of that community and some other community. By this legislation, has any restriction been placed upon the freedom of the individual to make his choice? The feeling and the sentiment of the people have been respected towards certain extent. That is to say, if there is already a law or custom which requires a particular form to be observed in bringing about a valid marriage between two persons, that law is left in tact. Only when a marriage cannot be had under the law and custom of a particular community this legislation comes in and says, "which ever community you belong to if you two agree to have marital relationship between yourself the law will permit it." So much so I emphasised that point that restriction upon the freedom of the individual is not attempted by this legislation as in the case of other legislations which may have been passed by this House. These conscientious objections will not be raised either on account of the traditions or time-honored customs or religious scruples. As already observed here with respect to the loss of inheritance apart from the question whether the law of inheritance must continue to be followed, a marriage between a Muslim and a non-Muslim exists even today to a limited extent. A Mohammedan male can marry a Christian lady. The converse may not occur. The Christian gentleman cannot marry a Mohammedan woman what-

[Mr. E. Subramonia Aiyar.]

ever may be the cause. Probably it is the phsychological cause, the possesser instinct. Every community likes to have its women not to get out of it. So much so, so far as inheritance is concerned the arithmetical rule is followed at any rate without operating in the case of Christian woman.

MR. P. S. MUHAMED : In the case of Christian woman a Mohammedan Law is admitted but in the case of marriages under this Law it is a different law.

MR. E. SUBRAMONIA AIYAR : So far as the different law is concerned the question is whether it should be modified or not.

Then we come to the root of the law of inheritance. So far as jurists understand it nobody has got vested interest in the law of inheritance. That is to say after the post mortem deposition, who is the heir? The heir is the person designated by the law. That is the reason why in different communities different systems of inheritance have come into existence. When a man dies there is no meaning in saying that he is possessed of that property When he dies the state is possessed of that property. There is absolutely no merit in that. Therefore the State has accepted the Mohammedan Law to the extent as its own law. And the law of inheritance may be modified according to the sentiments of the community among which the law prevails. When, as a matter of fact, the Nair law was passed, the Hindu Law was modified to that extent. The law of succession and inheritance is a creature of positive law.

MR. M. SIVATHANU PILLAI : May I know whether any legislature can embark upon making in-roads into the Quoranic Law?

MR. E. SUBRAMONIA AIYAR : Yes. You have to divorce material interest from spiritual interest and law of inheritance is the material property. The relationship may be so adjusted as to make for the advancement of the State.

MR. M. SIVATHANU PILLAI : May I know from the member what his views are in view of the statement found in page 95 para II of the book called Translation Of The Glorious Quoran and what is the injunction in respect of the inheritance of property as contained in it?

MR. E. SUBRAMONIA AIYAR : That passage does not touch the problem now raised here.

There was no divorce from religion and property rights as is found in the Hindu law. At an early age all the things were found to be mixed up. Now there is the Mohomadan law, the Manu's law etc. The passage read out by my friend says that the property may be distributed among certain relations in a particular way and also whether those relations can be brought about by marriage in a different form with other people. If there is marriage and the Mohomedan law says that a particular individual is the child of a particular Mohomedan, certainly, that law will apply. The marriage between a Mohomedan male and a christian lady is recognised though they belong or continue to

belong to different religions and their children will get their fair share mentioned in the Quoran. The real question involved here is whether we should enlarge that freedom. Tomorrow a Mohamedan may marry not only from the Christian community but from the other communities as well. No doubt the other idea involved was that Christian was not a Mohamedan. The Quoran does not permit of such a marriage taking place. But the bill now at issue is a permissive legislation. No law can be laid down for all time. The law also must change as the society is dynamic. It is not static like the law of the Medes and the Persians. The tendency of the present day is that nobody is going to condemn a law because it is changing from day to day in a particular way. And, as I said, this law is a permissive legislation, there is no restriction upon the individual. If the religion is so sacred, if the intention of the Quoran is not sufficient to suppress the chaotic activities of the individual, then there is no meaning in calling him a Mohamedan, for the Quoan says that he shall not marry except from his own community. If one man breaks that injunction, then he certainly breaks the Quoran and therefore he must reap the consequences of that action.

As regards the other aspect of the matter when freedom of the individual is taken away, there is no restriction upon concubinage and for this, there must be another piece of legislation. The question whether it is feasible is another matter. The law has not gone to that extent as to prohibit if not regulate non-marital sex expression. Whether it is England or America, adultery is punished, but non-marital sex expression is another and there is no law for that in England. The question whether such a law should come at all that is a welcome proposition no doubt I do not know whether the society will like it.

MR. PUTHUPALLI S. KRISHNA PILLAI: Then, what about the proposition regarding prostitution among the population ?

MR. E. SUBRAMONIA AIYAR: To some extent you are regulating it. You have to do it with due regard to sanitation and health problems.

My point is that so far as this bill is concerned, this does not touch the freedom of an individual so much so there is no necessity to be very anxious about it. Injunctions of the Quoran are certainly to be implicitly followed by every Mohamedan if he wants to be called like that. If he breaks it, he is no more a Mohamedan. I ask the question why should he claim the privileges of a Mohamedan ?

So then, the position comes to this. It is only a sentimental objection. I began by saying, that the bill has a very beneficient aspect. It will serve a purpose in society, though you may get a glimmering of it. If two people agree to move about in society in a respectable way, calling themselves as husband and wife, why should one stand in their way ? The law too does not say that they should marry. Whether they are going to marry is another matter, but if two people think that they should not marry at all but live together without marriage and require a status in society why should one stand

[Mr. E. Subramonia Aiyar.]

in their way and say, 'no, you shall not'. As I said, as the bill has a beneficient aspect let us see how the provision works. If it works, satisfactorily and no danger comes as a consequence of it, let the bill exist. When once we feel that it is working harm, we shall then think of mending it. Now, we need not anticipate troubles in the working of the bill. But the moment troubles of different description arise outweighing the advantages, then some other persons will think of altering the legislation. Better experience will dictate the course to be adopted. This is all what I have to say.

MR. KANNANTHODATH JANARDANAN NAIR: Sir, I too oppose the amendment. Before I begin to speak anything on it I should congratulate my honourable friend Mr. P. S. Muhamed for the able appeal he has made and for his using the religion as a shield to eclipse the vital aspects of this piece of legislation. He was telling the House that the majority of Islam is at stake, that the Islamic culture is at stake, that Islamic religion is at stake if his amendment is not accepted. He was saying that the very existence of Islam will be undermined if this piece of legislation is accepted by the House as such. I may complement my honourable friend Mr. P. S. Muhamed for his strict orthodoxy. Muslim orthodoxy will also congratulate and complement him. May I ask him whether this kind of legislation was not in existence in Turkey from 1917? Whether it was not amended not less than half a dozen times thereafter? Has the Islamic religion suffered on that score, has it been undermined? I ask him, Sir, whether Cochin has not passed a similar legislation and whether the Islamic religion there has suffered anything on that score? Does my honourable friend mean to say that Cochin do not have enough number of Muslims in the legislature and that they are less orthodox? Has the North Travancore Muslim league passed any resolution opposing the bill. Has any other honourable Muslim member of this house opposed this legislation? Then why should Mr. Muhamed alone oppose it? The supposed uncontested leader of the Muslim community in India Mr. Mahomed Ali Jinnah continues to—

MR. PULIYOOR T. P. VELAYUDHAN PILLAI: May I ask the member whether Mr. Jinnah is the leader of the Muslim community?

MR. KANNANTHODATH JANARDANAN NAIR: I said the supposed uncontested leader. I said Mr. Jinnah continues to be the leader in spite of the fact that he has married a Parsi lady, in spite of the fact that his daughter married a Parsi. Has H. H. the Aga Khan gone down in the estimation of the muslim community because he married a European lady? I don't understand then what Mr. Muhamed means in telling us that if this legislation is accepted, it will terribly affect the Islamic religion. In short his arguments are that Islamic religion will be wiped out from the country if we do not accept his amendment, that the Islamic culture will vanish as it were from the land.

Islam has provided for the devolution of property in case a Mohamedan lady is married by some either from that community or from some other community. Does it apply to any Mahomedan if he goes out of his community to marry somebody outside his community? No. That applies only when a Mohamedan lady is married by a man outside the Mohamedan community. Then again Islamic religion does not prohibit a Mohamedan from marrying outside his community. So am I to understand that my friend wants all the advantages of law to Mohamedans only? If that is so it is indeed a pitiable partiality. As Mr. Subramonia Aiyar pointed out, this piece of legislation is only a permissive piece of legislation. It does not at all contemplate compulsion. Mr. Muhamed in his enthusiastic discussion has forgotten a big if not the main aspect of this bill. The Islamic religion speaks of very broad principles, and this bill embodies only those principles accepted and approved by the Holy quoran. If a Mahomedan lady marries and begets children out of that marriage, the children are entitled to a share of wealth according to the Mohamedan law and this law only approves and extends that principle to Mohamedan gentlemen who for some reason happens to marry a non-mohamedan lady and begets children. According to me this bill enforces three broad principles. One is the Individual liberty, an approval of its assertion. If an individual for some reasou or another finds it a pleasure to seduce and marry a lady from another community, why should religion stand in the way as a stumbling block and try to impede the exertion of the liberty of that individual. Why should the liberty be curtailed by religion when all along we are trying to progress in individualism, shaking off the strangle hold of religion, Progress was and will be the watchword of the individual. Should religion stand midway and shout 'No, you shall not'. I am not prepared to endorse that view if it be the view of my honourable friend.

Another point raised by Mr. Muhamed is the point of morality. Concubinage has been in existence and it will be in existence. Sir, I ask Mr. Muhamed, is morality acceptance of concubinage as such or is it acceptance of marriage? Does my friend want to encourage concubinage in the name of morality and religion? I need not have an answer through him because he will have only to say that acceptance of the position of marriage will be morality whereas acceptance of the concubinage will not be morality.

The third point is merely the humanitarian aspect. A man marries any woman from outside his community, as it stands now, both the individuals will be excommunicated from their communities. Suppose he begets children. According to the present laws which are in existence, his children are punished for their innocence. They are not allowed to succeed to the parent's wealth. Sir, if this law comes into force, both the children and the wife will get a share of the wealth of the parent, Does Mr. Muhamed want to have this position or the present position by which the children and the wife are sent out in absolute penury and misery? I know he will only choose the first position. If this legislation is not brought into force, the position of

[Mr. Kannanthodath Janardanan Nair]

the wife and children will be that of a bat. She cannot be considered either as a mammal or a bird. On one side the birds will say, you have got teeth and you are not a bird; on the other side mammals will say you are a bird for you have wings. One community will disclaim them the other will not want them. It will go on like that. What all this legislation wants is to do away with that, and to give them all the privileges that are to be legitimately conferred on them. So, the position is that if we accept the amendment, that will be tantamount to a negation of the principles of the bill and to throwing out the Bill itself. If one community is allowed to be exempted, other communities will naturally follow suit, and in that manner every community will want to get exempted from this legislation and thus this legislation will become null and void. The result is that this legislation, intended to bring in communal harmony at least among the next generation, extending a legal possibility of union by blood, will be denied to the nation. So Sir, I oppose the amendment and commend the Bill for the acceptance of this House.

SRY. T. NARAYANI AMMA : Sir, I oppose the amendment because it goes against the very principle underlying this Bill. Section 2 of the Bill says :

"It shall apply to all persons domiciled in Travancore and to such persons not so domiciled as have or shall have marital relation in the form prescribed under this Act with persons domiciled in Travancore."

Sir, to exclude any community from the operation of this Act is to defeat the very object of the Bill. After all, it is only a permissive piece of legislation and it cannot in any way be said to affect the religious sentiments of any community. Then, again, Sir, it is a piece of reform, for which there has been demand from the enlightened members of all communities. Similar legislations have already found a place in the Statute books of other States, and Travancore which has given a lead in regard to several important aspects of social reform will only be falling into line with some of the other Provinces and States in India by the passing of this Act. I therefore oppose the motion.

MR. K. R. NARAYANAN : സർ, എന്റെ ബഹുമാന്യസ്നേഹിതൻ മി: പി. എസ്സ്. മഹമ്മദ് അവതരിപ്പിച്ച ഭേദഗതിയേയും, ആ ഭേദഗതിയെ പിൻതാങ്ങിയുള്ള അദ്ദേഹത്തിന്റെ ചില വാദമുഖങ്ങളെയും അവ അർഹിക്കുന്ന ബഹുമാന്യതയോടും അവധാനതയോടുംകൂടി തന്നെ ഞാൻ ആലോചിച്ചുനോക്കി. മി: പി. എസ്സ്. മഹമ്മദ് ഇതുയും ശോചനീയമായ ഒരു പിൻതിരിപ്പൻ നയം എടുത്തതിൽ, അദ്ദേഹത്തോടുള്ള ബഹുമാനത്തിനു യാതൊരു കുറവുംകൂടാതെ, ഞാൻ വ്യസനിക്കുന്നു എന്നു പറയാതെ ഗത്യന്തരമില്ല.

സർ, ഇവിടെ പൊന്തിവരുന്ന പ്രധാന പ്രശ്നം ഇതാണ്. ഇന്നു നിലവിലിരിക്കുന്ന മഹമ്മദൻ ലാ പ്രകാരം ഒരു മഹമ്മദീയനു വേണമെങ്കിൽ എത്ര സ്ത്രീകളെയും വിവാഹം ചെയ്യാം. അതു് അന്യമതത്തിൽ

ഉൾപ്പെട്ട സ്ത്രീകളെയും ആകാം. അങ്ങിനെയുള്ള വിവാഹത്തിൽ സന്താനമുണ്ടാകുന്ന പക്ഷം അവർക്കു ഈ സന്താനങ്ങളുടെ രക്ഷ പക്ഷമാണ്? അങ്ങിനെയുള്ള സംരക്ഷണത്തിനു ഒരു നിയമം അത്യാവശ്യമല്ലേ? ഒരു മുസൽമാൻ മുസ്‌ലീമല്ലാത്ത ഒരു സ്ത്രീയെ വിവാഹം ചെയ്യുകയും, അതിൽ സന്താനങ്ങൾ ഉണ്ടാവുകയും ചെയ്താൽ ആ മുസൽമാൻ അയാളുടെ സ്വത്തുക്കൾ യാതൊരു കരണവും ചെയ്യാതെ മരിച്ചു പോവുകയാണെങ്കിൽ ആ മുസൽമാന്റെ അനന്തരാശം നിക്ഷേപിച്ച അദ്ദേഹത്തിന്റെ ഭാര്യയുടെ ഗതിയെന്താണ്, അദ്ദേഹത്തിന്റെ പ്രണയവല്ലരികൾ പുഷ്പിച്ചകുഞ്ഞുങ്ങളുടെ ഗതിയെന്താണ്, എന്ന്, ഭാര്യയോടും കുഞ്ഞുങ്ങളോടുമുള്ള മനോവികാരത്തോടുകൂടി, മനുഷ്യസാധാരണമായ അനുകമ്പയോടുകൂടി, എന്റെ ബഹുമാന്യസ്നേഹിതൻ മി: പി. എസ്. മഹമ്മദ് ചിന്തിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ വാദങ്ങൾ മുഴുവനും കേവലീകരിച്ചതു് മതത്തിന്റെ പേരിലാണ്. കുറാൻ ശരിക്കുവായിച്ചുമതം പഠിക്കുവാനുള്ള മഹാഭാഗ്യം എനിക്കുണ്ടായിട്ടില്ലാ. ഞാനൊരു മതപണ്ഡിതനുമല്ലാ. എന്റെ അറിവു ശരിയാണെങ്കിൽ ഏകജാതി സന്ദേശത്തെ ഇത്ര അധികമായി, ഇത്ര സംശയരഹിതമായി, ഇത്ര ശ്ലാഘനീയമായി പ്രതിപാദിക്കുന്ന ഒരു മതം മഹമ്മദ്മതംപോലെ വേറൊന്നില്ലെന്നാണ്. അങ്ങനെയുള്ള മുസലീം മതത്തെ വിശ്വസിക്കുന്ന മി: മഹമ്മദ് ഏകജാതി സന്ദേശം പരത്താൻ ചുമതലയുള്ള മി: മഹമ്മദ്—സാഹോദര്യം മുദ്രാവാക്യമായ മഹമ്മദനിബിയുടെ കാൽനഖേന്ദുമരീചികളിൽക്കൂടി സഞ്ചരിക്കുന്ന മി. മഹമ്മദ്, ഇവിടെ മുസൽമാനെന്നും, ഈഴവനെന്നും, പുലയനെന്നും, പറയനെന്നും, നായാടിയെന്നും ഉള്ള വർഗ്ഗവ്യത്യാസം, ഇന്നുള്ളതുപോലെ വച്ചുകൊണ്ടിരിക്കാൻ ഉപദേശിക്കയാണോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. അർത്ഥശൂന്യമായ ജാതിവ്യത്യാസം, വെറും അന്ധതകൊണ്ടു നിലനില്ക്കുന്ന സമുദായവ്യത്യാസം ഭസ്മമാക്കാതെ എന്തെങ്കിലും രക്ഷ ഇവിടെയുണ്ടോ? ഇന്ന് മഹാത്മാഗാന്ധിക്കു ഇൻഡ്യക്കു സ്വാരാജ്യം വേണം, ജിന്നായ്ക്കു പാകിസ്ഥാൻ വേണം, അമ്പിട്കർക്കു റിസർവേഷൻ വേണം, ഹിന്തുമഹാസഭക്കാർക്കു അവരുടെ കിരീടത്തിനു ചലനം വരാത്ത മറ്റു ചില വ്യവസ്ഥകൾ വേണം. ഈ ഉൽഘടവാദങ്ങളുടെയെല്ലാം നാരായവേരു ജാതിവ്യത്യാസമല്ലാതെ മറ്റെന്താണ്? ഒരു മുസൽമാൻ ഒരു മുസ്‌ലീം വനിതയെ വിവാഹം ചെയ്യുന്നു എന്നു കേൾക്കുമ്പോൾ മി: മഹമ്മദിനു് ഇക്കിളിയുണ്ടാകുന്നില്ലെങ്കിൽ ഒരു മുസ്‌ലീം ഒരു അമുസ്‌ലീം സ്ത്രീയെ വിവാഹം ചെയ്യുന്നു എന്നു കേൾക്കുമ്പോൾ മി: മഹമ്മദിനു് ഇക്കിളിയുണ്ടാകുന്നില്ലെങ്കിൽ, ഒരു മുസ്‌ലീം വനിതയെ

[Mr. K. R. Narayanan.]

ഒരു അമുസ്ലീം വിവാഹം ചെയ്യുവാനിടയുള്ള ഈ നിയമം വരുമ്പോൾ ഇതുയും ഇക്കിളിയും തെരുപുരുലിവും ഉണ്ടാകുന്നതെന്തിനാണ്? ബ്രാഹ്മണൻ മുതൽ പറയൻവരെയുള്ള സർവജാതിവ്യത്യാസവും നീക്കാതെ ഇൻഡ്യക്കു രക്ഷയില്ല. ഇവിടെ ജാതിയാകുന്ന വാസുകിയുടെ ഒരറ്റത്തു ഒരു ക്രൂട്ടും, മറെറ അറ്റത്തു മറെറാരു ക്രൂട്ടും പിടിച്ചു പാലാഴിമഥനം നടത്തുകയാണു്. പാകിസ്ഥാൻപദ്ധതി, ഗാന്ധിസിദ്ധാന്തം, അമ്പിട്കർ നിർദ്ദേശം മുതലായവ നശിക്കണമെങ്കിൽ ഗാന്ധിയുടേയും, ജിന്നായുടേയും അംബെട്ക്കറുടേയും ജാതികഠം നശിക്കണം. രക്തത്തിൽ രക്തം കലരണം.

ഇൻഡ്യയെ സ്പർശിക്കുന്ന ഏറെറവും ഒരു വിഷമപ്രശ്നം, കുഴഞ്ഞ പ്രശ്നം, ഭൂതായത്തുകൊണ്ടും മി: പി. എസ്സിനെപോലെയുള്ളവർ ഇങ്ങിനെയുള്ള സന്ദർഭത്തിൽ ഈ വിധമുള്ള പ്രതിലോമനയം എടുത്താൽ വരാവുന്ന രാഷ്ട്രിയ ഭവിഷ്യത്തും വിചാരിച്ചു ഞാൻ ഇതുയും പറഞ്ഞുപോയതാണു. സർ, മതത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ നിലയും, അദ്ദേഹം അംഗീകരിക്കേണ്ട നിലയും എന്താണെന്നു പ്രസ്താവിച്ചു കഴിഞ്ഞു. ഇനി ഈ നിയമം ഇവിടെ പാസായിക്കഴിഞ്ഞാൽ അതുകാശം താഴുത്തു പോകുമോ എന്നുകൂടി നോക്കാം. ടർക്കിയിൽ സ്പെഷ്യൽ മാരിയേജ് ബിൽ പാസ്സായിട്ടു വളരെക്കൊല്ലങ്ങളായി. അതിനു ശേഷം അതു രാജ്യം പുരോഗമിച്ചുതന്നെ വരുന്നു, അതൊരു മുസ്ലീം രാജ്യമല്ലെന്നു മി: മഹമ്മദ് പായുമെന്നു ഞാൻ വിചാരിക്കുന്നില്ല. അപ്പിടെ അതൊരു പുരോഗമനോൻമുഖമാണെന്നുവരികിൽ, മുസ്ലീം സമുദായത്തിന്റെ പുരോഗതിക്കു ഒരു വിലങ്ങുതടിയല്ലെങ്കിൽ, അതു്, ഇവിടെ എങ്ങിനെ ഒരു ദോഷമാകും വിലങ്ങുതടിയാകും എന്നു് ഒന്നാലോചിക്കണം.

തിരുവിതാംക്കൂറിലെപ്പോലെ തന്നെ മഹമ്മദീയരുടെസാമൂഹ്യകാര്യത്തിൽ കൊച്ചിയിലെയും നില. കൊച്ചിയിലെ മുസ്ലീംങ്ങൾക്കു ഈ ബിൽ പാസ്സായതിൽ യാതൊരു കുഴപ്പവുമില്ല. കൊതിക്കല്ലിന്റെ വ്യത്യാസം മാത്രമുള്ള തിരുവിതാംക്കൂറിൽകൊച്ചിയിൽ ദോഷംചെയ്യാത്തതു്, ഇവിടെ ദോഷം ചെയ്യുമെന്നു് എന്റെ സ്നേഹിതൻ മി: മഹമ്മദ് സംശയിക്കുന്നതെന്തുകൊണ്ടു എനിക്കു മനസ്സിലാകുന്നില്ലാ. കൊച്ചീക്കാർക്കു ഈ നിയമംകൊണ്ടു ദോഷമൊന്നുമില്ലെങ്കിൽ തിരുവിതാംക്കൂർകാർക്കും ദോഷമൊന്നുംവരാനില്ല.

ടർക്കിയിലെയും കൊച്ചിയിലേയും മുഹമ്മദീയർ മഹമ്മദുമതക്കാരല്ലെന്നു എന്റെ സ്നേഹിതൻപറയുമെന്നു തോന്നുന്നില്ലാ. ഇതോടുചേർത്തു ഒന്നുകൂടി ആലോചിക്കാം. മി: ഇ. സുബ്രഹ്മണ്യയ്യർ പറഞ്ഞതുപോലെ ഈ നിയമം പാസാക്കിക്കഴിഞ്ഞാൽ കുട്ടികളെ പിടിച്ചു "ഹരി ശ്രീ"

എഴുതിക്കുന്നതുപോലെ ഒരു സിവിൽ മാരിയേജ് നടത്തണേ! നടത്തണേ! എന്നാരും നിർബന്ധിക്കുകയില്ല. ഒരു മനുഷ്യൻ സമുദായംവിട്ട ഒരു വിവാഹം നടത്തുകയാണെങ്കിൽ അവന്റെ ഭാര്യയും കുട്ടികളും തെണ്ടിത്തിരിയാതിരിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമസംരക്ഷണം മാത്രമാണിതു.

MR. P. S. MUHAMED : കൊച്ചിയിലെ സിവിൽ മാരിയേജ് നിയമത്തിൽ പിൻതുടച്ചാവകാശത്തിനു ശക്തിയില്ലെന്നറിയാമോ?

MR. K. R. NARAYANAN : എന്റെ സ്നേഹിതന്റെ ചോദ്യത്തിന്റെ ഉത്തരം ഒരു ചോദ്യമാണ്. പിൻതുടർച്ചാവകാശത്തെ സംബന്ധിച്ചു കൊച്ചിയിലെ വകുപ്പ് സ്പീഡരിച്ചാൽ മറുള്ള വകുപ്പുകളെല്ലാം എന്റെ സ്നേഹിതൻ സമ്മതിക്കുമോ എന്നാണു എന്റെ ചോദ്യം? പിൻതുടച്ചാവകാശത്തെ സംബന്ധിച്ചുമാത്രമാണ് തടസ്സമെങ്കിൽ മി: മഹമ്മദ് പുറപ്പെടുവിച്ച ന്യായങ്ങൾക്കെല്ലാം ഉള്ള മതത്തിന്റെ പിൻതാങ്ങൽ കേവലം ദുർബലമാണെന്നു അദ്ദേഹംതന്നെ സമ്മതിക്കുന്നുണ്ടല്ലോ? സിവിൽ മാരിയേജു ഒരു രാജ്യത്തേയോ, സമുദായത്തേയോ, അധഃപതിപ്പിക്കുകയില്ല, ഉയർത്തുകയാണു യഥാർത്ഥത്തിൽ ചെയ്യുന്നതു. യൂറോപ്യൻ രാജ്യങ്ങൾ മുഴുവൻ ഇതിനു തെളിവാണു. സിവിൽമാരിയേജുബില്ലിന്റെ പ്രാരംഭകാലത്തു യൂറോപ്യൻ രാജ്യങ്ങളിൽ കത്തോലിക്കർ വളരെ എതിരുണ്ടാക്കി. ഇപ്പോൾ കത്തോലിക്കാരാജ്യങ്ങൾ ഉൾപ്പടേ സർവ്വരാജ്യങ്ങളിൽ സിവിൽമാരിയേജു നിലവിലിരിക്കുന്നു. ഈ ചരിത്രവസ്തുത ഈ ബില്ലിനെ എതിർക്കുന്ന എന്റെ സ്നേഹിതൻ മി: പി. എസ്സ്. അനുസ്മരിക്കേണ്ടതാണു.

ഹിന്ദുക്കളുടെ വിവാഹം കുറച്ചെല്ലാം മതപരമാണു: ക്രസ്ത്യാനികളുടെ വിവാഹവും കുറച്ചെല്ലാം മതപരമാണു; എന്നാൽ മുസ്ലീമിങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വെറും കാൺട്രാക്ടു് മാത്രമാണെന്നു്, മഹമ്മദൻ ലാ, വ്യക്തമായി, അവ്യക്തമായി, നിഷേധിക്കാൻ പാടില്ലാത്ത ഭാഷയിൽ പറയുന്നുണ്ടു്. അങ്ങനെയാണെങ്കിൽ മതത്തെ വലിച്ചുകൊണ്ടുവന്നു് എന്റെ സ്നേഹിതൻ ഈ പ്രശ്നത്തിൽ കുഴപ്പം വരുത്തുന്നതു് എന്തിനാണെന്നു് എനിക്കു മനസ്സിലാകുന്നില്ല സിവിൽമാരിയേജിനു യാതൊരു ദോഷവും ഇല്ലെന്നു കാണിക്കുന്നതിനു് ജിന്നാമാരുടെ കായ്മോ, ആഗാഖാന്മാരുടെ കായ്മൊ, ബോഹ്രർമാരുടെ കായ്മൊ എത്ര ആയിരം വേണമെങ്കിലും ഉദ്ധരിക്കാൻ കഴിയും. ഇങ്ങനെ ഒരു നിയമമില്ലാത്തതു കൊണ്ടു് എത്ര സ്ത്രീ പുരുഷന്മാർ സമുദായചട്ടക്കൂട്ടിനകത്തു് ശ്വാസം മുട്ടികഴിയുന്നുവെന്നും, അതിൽ ഒരു ന്യൂനഭാഗമെങ്കിലും മുസൽമാൻമാരായിരിക്കാനിടയുണ്ടെന്നും, മി: പി. എസ്സ്. പര്യാലോചിക്കേണ്ടതാണു. വഴിയിൽ പരവതാനി വിരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും കുപ്പിച്ചില്ലുകൾ വിതറരുതല്ലോ.

[Mr. K. R. Narayanan.]

